പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1541 — 31-01-2018-ലെ മറുപടിയ്ക്ക്

**കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.സി.കെ. ഹരീന്ദ്രൻ** | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) ഓഖി ചുഴലിക്കാറ്റു മൂലം കൃഷിനാശം സംഭവിച്ചവർക്ക് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പാറശ്ശാല മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി ഈയിനത്തിൽ എത്ര രൂപയാണ് വിതരണം ചെയ്തിട്ടുള്ളത് എന്ന് അറിയിക്കാമോ; | (എ) | ഓഖി ചുഴലിക്കാറ്റ്മൂലം കൃഷി നശിച്ച കർഷകർക്ക് നഷ്ടപരിഹാരത്തുക നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br>സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം പാറശ്ശാല നിയോജക മണ്ഡലത്തിലെ പാറശ്ശാല, കുളത്തൂർ, ഒറ്റശേഖരമംഗലം, കൊല്ലയിൽ, വെള്ളറട, കള്ളിക്കാട്, പെരുമ്പഴുതൂർ എന്നീ കൃഷിഭവൻ പരിധിയിൽപെടുന്ന കർഷകർക്ക് 14,04,250/- രൂപ നൽകിയിട്ടുണ്ട്. |
| (ബി) 2010 മുതൽ 2014 വരെയുള്ള വർഷങ്ങളിൽ ഉണ്ടായ പ്രകൃതിക്ഷോഭത്തിൽ കൃഷിനാശം സംഭവിച്ചവർക്കുള്ള സഹായധനം ഇനിയും വിതരണം ചെയ്തിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അത് എന്നേയ്ക്ക് വിതരണം ചെയ്തു തീർക്കാനാകും എന്ന് അറിയിക്കാമോ? | (ബി) | 2014-15 വർഷത്തെ പ്രകൃതിക്ഷോഭത്തിന്റെ തുക മാത്രമേ വിതരണം ചെയ്യുവാൻ ബാക്കിയുള്ളൂ. ടി വർഷം എസ്.ഡി.ആർ.എഫ്. തുക ലഭിച്ചിരുന്നില്ല. ഈ വർഷം ലഭ്യമായ തുകയിൽ നിന്നും 2014-15 വർഷത്തെ തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**